# ടൈംസ് ഓഫ് അമേരിക്കൻമലയാളി

# TIMES OF AMERICAN MALAYALI

www.timesofamericanmalayali.com

Cheif Editor: **George Thazhakara**
Tel: + 944 73 55710, 8921587848
e-mail:**georgethazhakara@gmail.com**

**2019 സെപ്റ്റംബർ 4 ബുധൻ**

**ലണ്ടനിലെ ഇന്ത്യൻ ഹൈക്കമ്മീഷൻ ആസ്ഥാനത്ത് പാകിസ്താനികളുടെ പ്രതിഷേധം; ചില്ലുകൾ തകർത്തു**

**- വിദേശകാര്യ ലേഖകൻ**

ലണ്ടൻ: ലണ്ടനിലെ ഇന്ത്യൻ ഹൈക്കമ്മീഷൻ ആസ്ഥാനത്തിനു നേർക്ക് പാകിസ്താനികളുടെ പ്രതിഷേധം. സെപ്റ്റംബർ 3ന് പ്രതിഷേധക്കാർ കമ്മീഷൻ ഓഫീസിനു നേർക്കു കല്ലെറിഞ്ഞു. ഓഫീസിന്റെ ചില്ലുകൾ തകർത്തു.

ആഗസ്റ്റ് 15നായിരുന്നു ആദ്യപ്രതിഷേധം നടന്നത്.

ഇന്ത്യൻ ഹൈക്കമ്മീഷൻ ആസ്ഥാനത്തിനു നേർക്കുണ്ടായ ആക്രമണത്തിൽ ലണ്ടൻ മേയർ സാദിഖ് ഖാൻ അപലപിച്ചു. ആക്രമണം അംഗീകരിക്കാൻ കഴിയാത്തതാണെന്നും നടപടിയെടുക്കാൻ പോലീസിനു നിർദേശം നൽകുമെന്നും മേയർ ട്വീറ്റിൽ കുറിച്ചു.

ആഗസ്റ്റ് 15നുണ്ടായ അനിഷ്ട സംഭവങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറിസ് ജോൺസനെ വിളിച്ച് പ്രതിഷേധം അറിയിച്ചിരുന്നു. ഹൈക്കമ്മീഷൻ ഓഫീസിനും ജീവനക്കാർക്കും സന്ദർശകർക്കും സുരക്ഷ നൽകുമെന്നും അദ്ദേഹം ഉറപ്പുനൽകിയിരുന്നു.

കശ്മീർ കേന്ദ്ര ഭരണപ്രദേശമായതിനെ തുടർന്നാണ് പ്രതിഷേധം നടന്നത്.

**രാഷ്ട്രീയം മാറ്റിവച്ച് മൻമോഹൻസിംഗ് പറയുന്നത് കേൾക്കൂവെന്ന് ബിജെപിക്ക് ശിവസേനയുടെ ഉപദേശം**

**- സ്വന്തം ലേഖകൻ**

മുംബൈ: ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ നിലവിലെ അവസ്ഥയെക്കുറിച്ച് മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗ് പറയുന്നത് ശ്രദ്ധിക്കണമെന്ന് ബിജെപിയോട് ശിവസേന ആവശ്യപ്പെട്ടു.

മൻമോഹൻസിംഗ് പറയുന്നത് കേൾക്കണമെന്നും അതിൽ രാഷ്ട്രീയം വലിച്ചിഴക്കരുതെന്നും പാർട്ടിയുടെ മുഖപത്രമായ സാമ്നയിലൂടെ ശിവസേന നിലപാട് വ്യക്തമാക്കി.

മൻമോഹൻസിംഗിന്റെ വിമർശനത്തെ എതിർത്തുകൊണ്ട് ബിജെപി വക്താവ് കഴിഞ്ഞദിവസം പ്രസ്താവന ഇറക്കിയതിന്റെ പിന്നാലെയാണ് ശിവസേനയുടെ പ്രതികരണം. വിദഗ്ദ്ധരുടെ അഭിപ്രായം സ്വീകരിച്ച് സാമ്പത്തിക മാന്ദ്യത്തെ മറികടക്കാനുള്ള നടപടികളാണ് വേണ്ടതെന്നാണ് മുഖപത്രത്തിൽ പറയുന്നത്.

**യുഡിഎഫ് സ്ഥാനാർത്ഥിയും എൻഡിഎ സ്ഥാനാർത്ഥി ഹരിയും പത്രിക നൽകി**

**- പ്രത്യേക ലേഖകൻ**

കോട്ടയം: നിയമസഭാ ഉപതെരഞ്ഞെടുപ്പ് നടക്കുന്ന പാലായിൽ യുഡിഎഫ് സ്ഥാനാർത്ഥി ജോസ് ടോംസും എൻഡിഎ സ്ഥാനാർത്ഥി എൻ.ഹരിയും ളാലം ബ്ലോക്ക് ഓഫീസിൽ നാമനിർദ്ദേശപത്രിക സമർപ്പിച്ചു.

ജോസ് കെ.മാണി എം.പി, ജോഷി ഫിലിപ്പ് എന്നിവർക്ക് ഒപ്പമെത്തിയാണ് ജോസ് പത്രിക സമർപ്പിച്ചത്. രണ്ടില ചിഹ്നം സംബന്ധിച്ച് ആശയക്കുഴപ്പം നിലനിൽക്കുന്നതിനാൽ സ്വതന്ത്രസ്ഥാനാർത്ഥിയായും കേരള കോൺഗ്രസ്- എം സ്ഥാനാർത്ഥിയായും രണ്ടു രീതിയിലാണ് ജോസ് ടോം പത്രിക നൽകിയത്. പൈനാപ്പിൾ, ഓട്ടോറിക്ഷ, ഫുട്ബോൾ എന്നീ ചിഹ്നങ്ങളാണ് ആവശ്യപ്പെട്ടത്.

എൻഡിഎ സ്ഥാനാർത്ഥി എൻ.ഹരിയും നാമനിർദ്ദേശപത്രിക സമർപ്പിച്ചു. പി.സി.തോമസ് ഉൾപ്പെടെയുള്ള എൻഡിഎ സ്ഥാനാർത്ഥികൾ ഒപ്പമുണ്ടായിരുന്നു.

എൽഡിഎഫ് സ്ഥാനാർത്ഥി മാണി സി. കാപ്പൻ നേരത്തെ പത്രിക സർപ്പിച്ചിരുന്നു.

പൂഞ്ഞാർ ചക്കുംകുളം ബാബു ജോസഫ്, പാലാ കാനാട്ടുപാറ ഇഗ്നേഷ്യസ് ഇല്ലിമൂട്ടിൽ എന്നീ രണ്ടു സ്വതന്ത്രസ്ഥാനാർത്ഥികളും പത്രിക സമർപ്പിച്ചു.

**മാർത്തോമാ സൗത്ത് വെസ്റ്റ് റീജിയൻ യുവജന സഖ്യം സെമിനാറും കലാമേളയും സമാപിച്ചു**

**- പി പി ചെറിയാൻ**

ഡാളസ്: നോർത്ത് അമേരിക്കൻ യൂറോപ്പ് മാർത്തോമാ ഭദ്രാസന സൗത്ത് വെസ്റ്റ് റീജിയൻ യുവജന സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ഡാളസ് സെഹിയോൻ മാർത്തോമാ ദേവാലയത്തിൽ രണ്ടു ദിവസമായി നടന്ന സെമിനാറും കലാമേളയും സമാപിച്ചു .

ഓഗസ്റ്റ് 30 വെള്ളിയാഴ്ച വൈകിട്ട് നടന്ന സമ്മേളനം

ഡാളസ് സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളി വികാരി റവ. ഫാദർ രാജേഷ് കെ ജോൺ ഉദ്ഘാടനം ചെയ്തു. ബൈബിൾ റീഡിങ്ങിനും മധ്യസ്ഥ പ്രാർഥനക്കും ശേഷം റവ. ഫാ. രാജേഷ് കെ ജോൺ മുഖ്യ പ്രഭാഷണം നടത്തി. റവ. ഡോ. എബ്രഹാം മാത്യു, റവ. മാത്യു മാത്യൂസ്, റവ. തോമസ് മാത്യു, റവ. ബ്ലെസിൻ കെ മോൻ, റവ. തോമസ് ജോസഫ് എന്നിവർ സന്നിഹിതരായിരുന്നു..

ശനിയാഴ്ച രാവിലെ മേഖലയിലെ എല്ലാ ശാഖകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട സഖ്യം അംഗങ്ങൾക്കായി ബൈബിൾ ക്വിസ്, പാട്ട്, ബൈബിൾ റീഡിങ്, പ്രസംഗം, ഉപന്യാസം, കാർട്ടൂൺ എന്നീ ഇനങ്ങളിൽ മത്സരങ്ങൾ നടന്നു.

ബൈബിൾ ക്വിസ് മത്സരത്തിൽ ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് യുവജന സഖ്യം ഒന്നാം സ്ഥാനം നേടി. രണ്ടാം സ്ഥാനം ഡാളസ് കരോൾട്ടൻ മാർത്തോമാ യുവജന സഖ്യം കരസ്ഥമാക്കി. ഗ്രൂപ്പ് സോങിൽ ഹ്യൂസ്റ്റൻ ഇമ്മാനുവേൽ മാർത്തോമാ യുവജന സഖ്യം ഒന്നാം സ്ഥാനവും, ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് യുവജന സഖ്യം രണ്ടാം സ്ഥാനവും നേടി.

എല്ലാ മത്സരങ്ങളിലും ഏറ്റവും കൂടുതൽ പോയിന്റുകൾ നേടി ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് യുവജന സഖ്യം എവർ റോളിങ്ങ് ട്രോഫി സ്വന്തമാക്കി. രണ്ടാം സ്ഥാനം ഹ്യൂസ്റ്റൻ ഇമ്മാനുവേൽ മാർത്തോമാ യുവജന സഖ്യം നേടി.

പ്രസംഗത്തിൽ അനി ജോജിയും, മെയിൻ സോളോയിൽ ഷെൽവിൻ എ ബാബുവും, ഫീമെയിൽ സോളോയിൽ നീന അലക്സും, ഉപന്യാസത്തിൽ റീനി മാത്യുവും, റെജി സഖറിയായും, കാർട്ടൂണിൽ ബിജു ജോണും ഒന്നാം സ്ഥാനം നേടി. ഡാളസ് സെഹിയോൻ ഇടവക വികാരിയും സൗത്ത് വെസ്റ്റ് റീജിയൻ യുവജന സഖ്യം പ്രസിഡന്റ് റവ. മാത്യു മാത്യൂസ്, വൈസ് പ്രസിഡന്റ് അജു മാത്യുവിന്റെയും, സെക്രട്ടറി ബിജി ജോബിയുടെയും, ട്രഷറർ ജോൺ വർഗീസിന്റെയും നേതൃത്വത്തിൽ നടന്ന സെമിനാറും കലാമേളയും മേഖലയിലെ എല്ലാ യുവജന സഖ്യം ശാഖകൾക്കും ഒരു പുത്തനുണർവ് നൽകി.

## ഡാളസ് ഓണാഘോഷങ്ങൾ നടന്നു
**– പി.പി. ചെറിയാൻ**

ഡാളസ്: ഡാളസ് ഓണാഘോഷങ്ങൾ ആഗസ്റ്റ് 31ന് നടന്നു. വേൾഡ് മലയാളി കൗൺസിൽ ഇൻകോ ടെക്സസ് പ്രോവിൻസ് സംഘടിപ്പിച്ച ഓണാഘോഷം ആകർഷകമായി.

ഗാർലന്റ് സെന്റ് തോമസ് കാത്തലിക് ചർച്ച് ഓഡിറ്റോറിയത്തിൽ ആഗസ്റ്റ് 31 ശനിയാഴ്ച റാണി റോബിന്റെ പ്രാർത്ഥനാ ഗാനത്തോടെയാണ് ആഘോഷങ്ങൾക്ക് തിരശ്ശീല ഉയർന്നത്. സുകു വർഗീസ് സ്വാഗതം പറഞ്ഞു. സണ്ണിവെയ്ൽ സിറ്റി മേയറും, മലയാളിയുമായ സജി ജോർജ് ഫിലിപ്പ് തോമസ്, വർഗീസ് മാത്യു, സാബു ബേബി, ശാന്താ പിള്ള എന്നിവർ ചേർന്ന് ദീപം കൊളുത്തി ഉദ്ഘാടനം നിർവഹിച്ചു.

രേഖാ തോമസിന്റെ ഗാനത്തിനു ശേഷം വേൾഡ് മലയാളി കൗൺസിലിന്റെ പ്രവർത്തനങ്ങളെ കുറിച്ചു ഫിലിപ്പ് തോമസ് വിശദീകരിച്ചു. മഹാബലിയുടെ സ്മരണകൾ ഉയർത്തുന്ന സുകു വർഗീസിന്റെ ഓണപ്പാട്ടിനുശേഷം മേയർ സജി ജോർജ് ഓണസന്ദേശം നൽകി. സീതൾ ആന്റ് ഗ്രൂപ്പ് അവതരിപ്പിച്ച ഗ്രൂപ്പ് ഡാൻസ് ഏറെ ആകർഷകമായി. എമ്മ റോബിൻ, സാബു എത്തക്കൻ, അലക്സ് പാപ്പച്ചൻ എന്നിവരും ഗാനങ്ങൾ ആലപിച്ചു. സജി പിള്ള, ജയലക്ഷ്മി ശിവരാമ പിള്ളൈ, ദീപാ രാമചന്ദ്രൻ, ദീപാ നായർ, പൂർണ്ണിമ രാഖേഷ് എന്നിവർ നടത്തിയ തിരുവാതിരയും, മഹാബലിയുടെ പ്രൗഢ ഗംഭീരമായ എഴുന്നള്ളിപ്പിനു ശേഷം ദേശീയഗാനത്തോടെ പരിപാടികൾ സമാപിച്ചു. ജോൺസൺ തലച്ചെല്ലൂർ, അലക്സ് അലക്സാണ്ടർ എന്നിവർ പരിപാടികൾ നിയന്ത്രിച്ചു.

## ചിക്കാഗോ സെന്റ് തോമസ് ദേവാലയത്തിൽ സമ്മർ ഫെസ്റ്റ് ടിക്കറ്റ് വില്പന ഉദ്ഘാടനം
**–ജോൺസൺ പുഞ്ചക്കോണം**

ചിക്കാഗോ സെന്റ് തോമസ് ഓർത്തഡോക്സ് ദേവാലയത്തിൽ സമ്മർ ഫെസ്റ്റ്, സെപ്തംബർ 28 ശനിയാഴ്ച 12ന്.

വിവിധങ്ങളായ ഭക്ഷണ സ്റ്റാളുകൾ, കലാപരിപാടികൾ, ഗേമുകൾ തുടങ്ങിയവ ഫെസ്റ്റിന്റെ പ്രത്യേകതകളാണ്. സമ്മർഫെസ്റ്റ് ടിക്കറ്റ് വില്പനനയുടെ ഉദ്ഘാടനം വികാരി റവ. ഫാ. ഹാം ജോസഫിന്റെ സാനിധ്യത്തിൽ റവ. ഫാ. ഷോൺ തോമസ് റവ. ഡീക്കൻ ജോർജ് പൂവത്തൂരിന് നൽകി നിർവ്വഹിച്ചു.

റവ. ഫാ. ഹാം ജോസഫ് (പ്രസിഡന്റ്), റവ. ഡീക്കൻ ജോർജ് പൂവത്തൂർ (വൈസ് പ്രസിഡന്റ്), ഗോഡ്വിൻ സാമുവൽ (ട്രസ്റ്റി), വിപിൻ ഈശോ എബ്രഹാം (സെക്രട്ടറി), ജോർജ് മാത്യു, റ്റിജിൻ എം തോമസ് (കോർഡിനേറ്റേഴസ്) നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു.

സ്പോൺസർഷിപ്, മാർക്കറ്റിംഗ് ടീമുകൾ ഷാജൻ വറുഗീസ്, കോശി ജോർജ്, മണി ഇട്ട്യാവിര, മാത്യു ലാൻ സാമുവൽ എന്നിവരുടെ നേതൃത്വത്തിൽ സജീവമായി പ്രവർത്തിച്ചു വരുന്നു.

സമ്മർ ഫെസ്റ്റിന്റെ വരുമാനത്തിന്റെ ഒരു വിഹിതം കേരളത്തിലെ പ്രളയ കെടുതി നേരിടുന്നവർക്കും, ചിക്കാഗോ ന്യൂ ഹോപ്പ് കമ്മ്യൂണിറ്റി ഫുഡ് പാൻട്രിക്കും, പരുമല കാൻസർ സെന്ററിനും നൽകുന്നതാണ്.

ഏവരെയും, ഇടവകയ്ക്ക് വേണ്ടി വികാരി ഫാ.ഹാം ജോസഫ് സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക്:

ഫാ.ഹാം ജോസഫ് (വികാരി) (708) 856 7490

ഗോഡ്‌വിൻ സാമുവേൽ (ട്രസ്റ്റി) 773 552 7340

വിപിൻ ഈശോ എബ്രഹാം (സെക്രട്ടറി) 980 422 2044

## ചരിത്രം കുറിക്കാൻ കുമ്മനം രാജശേഖരൻ സിലിക്കൺ വാലിയിൽ എത്തുന്നു
**– ജോയിച്ചൻ പുതുക്കുളം**

കാലിഫോർണിയ: ഇരുപതു ദിവസത്തെ അമേരിക്കൻ പര്യടനം പൂർത്തിയാക്കാൻ മുൻ മിസോറം ഗവർണറും മുൻ ബിജെപി സംസ്ഥാന അധ്യക്ഷനുമായ കുമ്മനം രാജശേഖരൻ 8 ഞായറാഴ്ച സിലിക്കൺ വാലിയിൽ.

വാഷിംഗ്ടൺ ഡിസി, ഹൂസ്റ്റൺ, ഡാളസ്, റ്റാമ്പാ, ഒർലാൻഡോ, ഫിലാഡൽഫിയ, ന്യൂയോർക്ക്, ലോസ്

ഏഞ്ജലസ്, സാൻ ഡിയാഗോ, സാൻ ഫ്രാൻസിസ്കോ അടക്കം അമേരിക്കയിലുടനീളം വലുതും ചെറുതുമായ നിരവധി നഗരങ്ങളിൽ അൻപതോളം പരിപാടികളിലായി ഇരുപതിനായിരത്തിലധികം അമേരിക്കൻ മലയാളികളുമായി സംവദിച്ചു അവരുടെ സ്വീകരണങ്ങൾ ഏറ്റുവാങ്ങി ചരിത്രം കുറിക്കുകയാണ് അദ്ദേഹം.

ചരിത്രത്തിൽ ആദ്യമായാണ് കേരളത്തിൽ നിന്നും ഏതെങ്കിലും ഒരു നേതാവിന് ഒരു അമേരിക്കൻ പര്യടനത്തിൽ ആയിരത്തിലധികം മലയാളികളുടെ സ്വീകരണം ലഭിക്കുന്നത്.

സെപ്റ്റംബർ 8 ന് സിലിക്കൺ വാലിയിൽ എത്തുന്ന കുമ്മനം വൈകുന്നേരം നാലു മണിക്ക് ഫ്രീമോന്റിൽ പ്രവാസി ഇന്ത്യൻ സമൂഹത്തിന്റെ സ്വീകരണം ഏറ്റുവാങ്ങും. അന്ന് വൈകുന്നേരം ആറു മണിക്ക് മിൽപിൽസ് കർട്നർ സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കുന്ന അമേരിക്കൻ മലയാളികളുടെ സ്വീകരണ പരിപാടിയിൽ പങ്കെടുത്തു മുഖ്യ പ്രഭാഷണം നടത്തും.

കേരള ബിജെപി എൻ.ആർ.ഐ സെല്ലിന്റെയും നോർത്ത് അമേരിക്കൻ മലയാളി ഓർഗനൈസേഷന്റെയും നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഈ ചടങ്ങിൽ നിരവധി മലയാളി സംഘടനകളുടെ പ്രതിനിധികൾ പങ്കെടുക്കും. എൻ.ആർ.ഐ സെൽ സംസ്ഥാന സമിതി അംഗം രാജേഷ് നായർ അധ്യക്ഷത വഹിക്കും. നോർത്ത് അമേരിക്കൻ മലയാളി ഓർഗനൈസേഷൻ മേഖല സെക്രട്ടറി ശ്യാംപ്രകാശ് സ്വാഗതം ആശംസിക്കും. റാണി സുനിൽ നയിക്കുന്ന കലാപരിപാടികളും അരങ്ങേറും.

സെപ്റ്റംബർ 9 ന് കുമ്മനം സിലിക്കൺ വാലിയിലെ സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റി, പ്രമുഖ ടെക്നോളജി കമ്പനികളുടെ ആസ്ഥാനങ്ങൾ, സാൻ റമോനിലെ മാതാ അമൃതാനന്ദമയി ആശ്രമം എന്നിവ സന്ദർശിക്കും. പിറ്റേ ദിവസം അമേരിക്കൻ പര്യടനം പൂർത്തിയാക്കി ആസ്ട്രേലിയൻ പര്യടനത്തിനായി യാത്രതിരിക്കും. ന്യൂ ജേഴ്സി ചെറിഹില്ലിൽ വച്ച് നടന്ന കെ.എച്ച്.എൻ.എ. കൺവെൻഷൻ ആയിരുന്നു അദ്ദേഹത്തിന്റെ അമേരിക്കൻ പര്യടനത്തിലെ മുഖ്യപരിപാടി. മുതിർന്ന പത്രപ്രവർത്തകനായ പി. ശ്രീകുമാറും അദ്ദേഹത്തെ അനുഗമിക്കുന്നുണ്ട്.

കുമ്മനം രാജശേഖരന്റെ അമേരിക്കൻ പര്യടനത്തിന്റെ സംയോജനം കേരള ബിജെപി എൻ.ആർ.ഐ സെൽ സംസ്ഥാന സമിതി അംഗം രാജേഷ് നായർ ആണ് നിർവഹിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് രാജേഷ് നായർ 408 203 1087, ശ്യാംപ്രകാശ് 408 230 1988 എന്നിവരെ ബന്ധപ്പെടുക.

**ദേവനീതിയുമായി സാൻതോം കലാകേന്ദ്ര**
**– വിനോദ് കൊണ്ടൂർ ഡേവിഡ്**

ഡിട്രോയിറ്റ്: പരിശുദ്ധ ദൈവമാതാവിന്റെ പെരുനാളിനോട് അനുബന്ധിച്ച്, ഡിട്രോയിറ്റ് സെന്റ് തോമസ് സീറോ മലബാർ ദേവാലയത്തിൽ സാൻതോം കലാകേന്ദ്രയുടെ ബാനറിൽ നാടകം ഒരുങ്ങുന്നു.

നാടക കലയിൽ തന്റേതായ വ്യക്തി മുദ്ര പതിപ്പിച്ച, സൈജൻ കണിയോടിക്കലാണ് ദേവനീതി സംവിധാനം ചെയ്യുന്നത്.

തോമസ് തോപ്പിൽക്കുടിയാണ് ദേവനീതിയുടെ തിരക്കഥ തയ്യാറാക്കിയത്.

ഷിബു മാത്യൂസ്, ബിജു പൗലോസ്, മാത്യു വർഗീസ്, പ്രിമസ് ജോൺ, സോഫിയ വർഗീസ്, ലീസ മാത്യു, നാദം ഷോൻ, ലിബിൻ ജോൺ, ജസ്റ്റിൻ മാത്യു, ഓസ്ബോൺ ഡേവിഡ്, ജെറിക്സ് തെക്കേൻ, ജയ്മോൻ ജേക്കബ്, എറിൻ ജോ സൈജൻ എന്നിവർ വേഷമിടുന്നു.

ഒരു മുഴുനീള നാടകത്തിനുള്ള എല്ലാ ചേരുവകളും ദേവനീതിയിൽ അടങ്ങിയിട്ടുണ്ടെന്ന് സൈജൻ കണിയോടിക്കൻ പറഞ്ഞു. സെപ്റ്റംബർ 7 ശനിയാഴ്ച്ച വൈകിട്ട് 7:30ന് സാൻതോം ഓഡിറ്റോറിയത്തിൽ നാടകം അരങ്ങേറും.

കൂടുതൽ വിവരങ്ങൾക്ക്:
സൈജൻ കണിയോടിക്കൻ 248 925 7769

**മാന്ത്രികച്ചെപ്പ് കലാവേദിയുടെ കലോപഹാരം. ടിക്കറ്റ് വിതരണോദ്ഘാടനം നടന്നു**
**– പി പി ചെറിയാൻ**

പതിനഞ്ചാം വാർഷികമാഘോഷിക്കുന്ന കലാവേദി യു.എസ്.എയുടെ കലോപഹാരമായി ന്യൂയോർക്കിൽ അവതരിപ്പിക്കുന്നമാന്ത്രികച്ചെപ്പ്എന്ന സാമൂഹ്യ നാടകത്തിന്റെ ടിക്കറ്റ് വിതരണോദ്ഘാടനം സെപ്തംബർ 2ന് ന്യൂയോർക്ക് ക്യൂൻസ് ടൈസൻ സെന്ററിൽ ഇൻഡോ അമേരിക്കൻ പ്രസ് ക്ലബ്ബിന്റെ സ്ഥാപക ചെയർമാൻ ജിൻസ്മോൻ ജയനിൽ നിന്നും സ്വീകരിച്ചുകൊണ്ട് നിർവ്വഹിച്ചു. കലാവേദി പ്രസിഡന്റ് ക്രിസ് തോപ്പിൽ അദ്ധ്യക്ഷത വഹിച്ചു.

പ്രശസ്ത കവിയും സംവിധായകനുമായ ജയൻ കെ. സി, ആഘോഷ പരിപാടികളുടെ ക്യാമ്പയിൻ ന്യൂയോർക്കിൽ ഉദ്ഘാടനം ചെയ്തു.

നടനും സംവിധായകനുമായ ശ്രീനിവാസനാണ് 2004ൽ ന്യൂയോർക്കിൽ കലാവേദിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത്. 2005 മുതൽ കലാവേദി ഓൺലൈൻ ഡോട്ട് കോമിന് തുടക്കം കുറിച്ചു.

2005ലും 2006ലും തിരുവനന്തപുരത്തു നടന്ന കലാവേദി പരിപാടികൾ കേരളത്തിലെ പ്രമുഖ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക നേതാക്കളുടെ സാന്നിധ്യം കൊണ്ടും ശ്രദ്ധേയമായി. 2006 മുതൽ പ്രവർത്തിച്ചുവരുന്ന ആർട്ട് ഫോർ ലൈഫ് (കല ജീവനു വേണ്ടി) എന്ന ജീവകാരുണ്യ പദ്ധതി കേരളത്തിലെ പ്രത്യേക പരിഗണനയർഹിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായങ്ങൾ ചെയ്തു വരുന്നു.

ഇരുപതോളം കുടുംബങ്ങളാണ് കലാവേദി ഫാമിലി ക്ലബ്ബിൽ അംഗങ്ങളായി പ്രവർത്തിക്കുന്നത്. ക്രിസ് തോപ്പിൽ പ്രസിഡന്റായും സിബി ഡേവിഡ് സെക്രട്ടറിയായും മാത്യു മാമ്മൻ ട്രസ്റ്റിയായും പ്രവർത്തിക്കുന്നു. മൂന്നു മാസം കൂടുമ്പോൾ ക്ലബ്ബ് അംഗങ്ങൾ ഒത്തു കൂടുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക് 917 353 1242

**സാഹിത്യവേദി 6 ശനിയാഴ്ച**
**– ജോയിച്ചൻ പുതുക്കുളം**

ചിക്കാഗോ: 2019 ലെ അഞ്ചാമത് സാഹിത്യവേദി യോഗം സെപ്റ്റംബർ 6 വെള്ളിയാഴ്ച്ച വൈകിട്ട് 6:30 ന് ചിക്കാഗോ മലയാളി അസോസിയേഷൻ ഹാളിൽ നടക്കും.

ചിക്കാഗോ സാഹിത്യ വേദിയുടെ സ്ഥാപകരിലൊരാളും സജീവ പ്രവർത്തകനുമായിരുന്ന സാഹിത്യവേദി അംഗം ജോസ് പുല്ലാപ്പള്ളിയുടെ അനുസ്മരണാർത്ഥമാണ് സമ്മേളനം നടക്കുന്നത്. ഈ പ്രത്യേകയോഗത്തിൽ എല്ലാ സാഹിത്യ സ്നേഹികളും പങ്കെടുക്കണമെന്ന് വിനീതമായി അഭ്യർഥിക്കുന്നു.

സാഹിത്യവേദിയുടെ ഇരുനൂറ്റി പതിനെട്ടാമത് യോഗം ആഗസ്റ്റ് 2നു സി.എം.എ ഹാളിൽ നടന്നു. അനിൽകുമാർ പിള്ള അധ്യക്ഷനായിരുന്നു.

ഡി. സി. ബുക്സ് പ്രസിദ്ധീകരിച്ച രാജേന്ദ്രൻ എടത്തും കരയുടെ ഞാനും ബുദ്ധനും എന്ന നോവലിന്റെ വായനാനുഭവം ഷിജി അലക്സ് പങ്കു വച്ചു. തുടർന്നു ചർച്ചയും നടന്നു. പ്രിയ കവി ആറ്റൂർ രവിവർമ്മക്ക് സാഹിത്യവേദി ആദരാഞ്ജലികൾ അർപ്പിച്ചു.

രവി രാജ, ഉമാ രാജ എന്നിവർ സ്പോൺസർ ചെയ്ത സാഹിത്യവേദി ജോയൽ ജോയിയുടെ നന്ദി പ്രകടനത്തോടെ സമാപിച്ചു.

കൂടുതൽ വിവരങ്ങൾക്ക്:

അനിലാൽ ശ്രീനിവാസൻ 630 400 9735, ജോൺ ഇലക്കാട്ട് 773 282 4955.

## ദേശീയ മാധ്യമ കോൺഫറൻസിന് ഫിലാഡൽഫിയ ചാപ്റ്ററിന്റെ പിന്തുണ

ന്യൂജേഴ്സി: ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 10ന് ന്യൂജഴ്സിയിലെ എഡിസണിലുള്ള ഇ ഹോട്ടലിൽ (1173 king George Post Rd, Edison NJ 08837) നടക്കുന്ന ദേശീയ മാധ്യമ കോൺഫറൻസിന് മുന്നോടിയായി ഫിലാഡൽഫിയ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ ഫിലാഡൽഫിയയിലെ മലയാളി സമൂഹത്തിന്റെ പിന്തുണയോടുകൂടിയ യോഗം നടന്നു.

ഫിലഡൽഫിയാ ചാപ്റ്റർ പ്രസിഡന്റ് സുധാ കർത്ത അധ്യക്ഷത വഹിച്ചു. ചാപ്റ്റർ സെക്രട്ടറി ജോർജ് ഓലിക്കൽ സ്വാഗതം പറഞ്ഞു.

ദേശീയ അധ്യക്ഷൻ മധു കൊട്ടാരക്കര കോൺഫറൻസിനെ കുറിച്ച് വിശദീകരിച്ചു. സുനിൽ ട്രൈസ്റ്റാർ, വിൻസന്റ് ഇമ്മാനുവൽ, ജീമോൻ ജോർജ് എന്നിവർ സംസാരിച്ചു. ഒക്ടോബർ 10 മുതൽ 12 വരെ ന്യൂജഴ്സിയിലെ എഡിസനിലുള്ള ഈ ഹോട്ടലിൽ നടക്കുന്ന കോൺഫറൻസിൽ കേരളത്തിൽ നിന്ന് മന്ത്രി കെ ടി ജലീൽ, രമ്യ ഹരിദാസ് എം പി മാധ്യമ പ്രവർത്തകരായ മാതൃഭൂമിയിലെ വേണു ബാലകൃഷ്ണൻ, ഏഷ്യാനെറ്റിലെ എം ജി രാധാകൃഷ്ണൻ, സോഷ്യൽ മീഡിയയിലൂടെ തരംഗമായി മാറിയ വിനോദ് നാരായണൻ തുടങ്ങി ഒട്ടേറെ പ്രമുഖർ പങ്കെടുക്കുന്നതാണ്.

അമേരിക്കൻ മലയാളികളുടെ ഇടയിൽ ഒരു പുതിയ മാധ്യമ സംസ്കാരത്തിന് തിരി കൊളുത്തി കൊണ്ട് നടത്തുന്ന ഈ ദേശീയ കോൺഫറൻസ് ഇതുവരെ നടന്നിട്ടുള്ള ദേശീയ കോൺഫറൻസുകളിൽ വച്ച് വ്യത്യസ്തവും പുതുമ നിറഞ്ഞതും ആയിരിക്കുമെന്ന് മധു കൊട്ടാരക്കര പറഞ്ഞു.

എബ്രഹാം മാത്യു (മലയാളം വാർത്ത) ജോബി ജോർജ്, സണ്ണി മാളിയേക്കൽ മോഡി ജേക്കബ്, ഫിലിപ്പോസ് ചെറിയാൻ, സാബു സ്കറിയ, സന്തോഷ് എബ്രഹാം, ബിനു ജോസഫ്, യോഹന്നാൻ ശങ്കരത്തിൽ, തോമസ് ചാണ്ടി, തോമസ് പോൾ, രാജു ശങ്കരത്തിൽ, റോജീഷ് സാമുവൽ, ജിനോ ജേക്കബ്, ജോജോ കോട്ടൂർ, ബെന്നി കൊട്ടാരത്തിൽ, ഷാലു പുന്നൂസ്, അനു സ്കറിയ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു യോഗം.

## മല്ലപ്പള്ളി സംഗമം ഓണാഘോഷം 7ന് – ജീമോൻ റാന്നി

ഹൂസ്റ്റൻ: ഹൂസ്റ്റണിലെ മല്ലപ്പള്ളി താലൂക്കിൽ നിന്നുമുള്ള പ്രവാസികളുടെ കൂട്ടായ്മയായ മല്ലപ്പള്ളി സംഗമത്തിന്റെ ഓണാഘോഷം 7 ശനിയാഴ്ച 12ന് സ്റ്റാഫോർഡിൽ പ്രോംപ്റ്റ് റിയൽറ്റി ഓഫീസ് ഹാളിൽ നടത്തുമെന്ന് പ്രസിഡന്റ് ചാക്കോ നൈനാൻ അറിയിച്ചു.

കേരളത്തനിമയാർന്ന ഓണാഘോഷം അത്യന്തം വർണശബളവും ആകർഷവുമാക്കി നടത്തുന്നതിന് സെക്രട്ടറി റെസ്‌ലി മാത്യു, വൈസ് പ്രസിഡന്റ് സിജോ ജോയ്, ട്രഷറർ സെന്നി ഉമ്മൻ തുടങ്ങിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തിക്കുന്നു. വൈവിധ്യമാർന്ന കലാപരിപാടികൾ ഉണ്ടായിരിക്കും. കലാപരിപാടികൾ അവതരിപ്പിക്കുവാൻ അംഗങ്ങൾക്കു അവസരമുണ്ടായിരിക്കുമെന്നും ഓണാഘോഷ പരിപാടിയിലേക്ക് മല്ലപ്പള്ളി പ്രദേശത്തുനിന്നുമുള്ള എല്ലാ ഹൂസ്റ്റൻ നിവാസികളെയും സ്വാഗതം ചെയ്യുന്നുവെന്നും സെക്രട്ടറി റെസ്‌ലി മാത്യു അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്

ചാക്കോ നൈനാൻ (പ്രസിഡണ്ട്) 832 661 7555

## ശ്രീനാരായണ ഗുരു ജയന്തിയും ഓണാഘോഷവും സംയുക്തമായി ആഘോഷിക്കുന്നു – ജോയിച്ചൻ പുതുക്കുളം

അപ്പർഡാബി: പെൻസിൽവേനിയയിലെ അപ്പാർഡാബിയിൽ പ്രവർത്തിച്ചുവരുന്ന ഫിലഡൽഫിയ 4135 എസ്.എൻ.ഡി.പി ശാഖയുടെ ആഭിമുഖ്യത്തിൽ 165–ാമത് ശ്രീനാരായണ ഗുരുദേവ ജയന്തിയും ഓണാഘോഷവും സംയുക്തമായി 14ശനിയാഴ്ച വൈകിട്ട് 4 ന് മാർപ്പിൾ പ്രിസ്ബറ്റേറിയൻ ചർച്ച് ഓഡിറ്റോറിയത്തിൽ നടക്കും.

മഹദ് വ്യക്തികളിൽ മുഖ്യസ്ഥാനം അലങ്കരിക്കുന്ന ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങളെക്കുറിച്ചുള്ള ചർച്ചകളും സമൂഹിക സാംസ്കാരിക രാഷ്ട്രീയ നേതാക്കളെ ആനയിച്ചുകൊണ്ടുള്ള സാംസ്കാരിക ഘോഷയാത്രയോടും കൂടി ഓണാഘോഷത്തിന് തുടക്കം കുറിക്കും.

പൊതുസമ്മേളനം, ചെണ്ടമേളം, നിശ്ചല ദൃശ്യങ്ങൾ, നൃത്ത വിദ്യാലയങ്ങളിലെ കുട്ടികളുടെ നൃത്തങ്ങൾ, ഗാനമേള, തിരുവാതിരകളി, മാവേലിത്തമ്പുരാന്റെ എഴുന്നള്ളത്ത്, ഓണസദ്യ എന്നിവയും ആർട്ടിസ്റ്റ് മോഹൻ പ്ലാവിള ഒരുക്കുന്ന നാടൻ കലാരൂപങ്ങളുടെ ദൃശ്യ വിസ്മയങ്ങളും തുടങ്ങി നിരവധി കലാപരിപാടികളും ഒരുക്കിയിട്ടുള്ളതായി സംഘാടകർ അറിയിച്ചു.

പി.കെ. സോമരാജൻ (പ്രസിഡന്റ്), കെ.ജി രാജൻ

കുട്ടി (വൈസ് പ്രസിഡന്റ്), സുധാകരൻ ഗോപാലൻ (പ്രോഗ്രാം കോർഡിനേറ്റർ), ഭുവനേന്ദ്രദാസ് മാധവൻ (സെക്രട്ടറി) തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള വിപുലമായ കമ്മിറ്റി പ്രവർത്തിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്

പി.കെ. സോമരാജൻ (484 297 6463).

ജീമോൻ ജോർജ് (ഫിലഡൽഫിയ) അറിയിച്ചതാണിത്.

**2019 സെപ്റ്റംബർ 2 തിങ്കൾ**

**ആരും രാജ്യമില്ലാത്തവരായി മാറില്ലെന്ന് ഇന്ത്യ ഉറപ്പു വരുത്തണമെന്ന് യു.എൻ.**

ആരും രാജ്യമില്ലാത്തവരായി മാറില്ലെന്ന് ഇന്ത്യ ഉറപ്പു വരുത്തണമെന്നും 19 ലക്ഷം പേർ പട്ടികയിൽ നിന്ന് പുറത്തായത് ആശങ്കാജനകമാണെന്നും ഐക്യരാഷ്ട്ര സഭ.

പൗരത്വ പട്ടിക പുറത്തിറക്കുന്ന ഇന്ത്യൻ നടപടി, രാജ്യമില്ലായ്മയിൽ നിന്ന് ജനങ്ങളെ കരകയറ്റാൻ ശ്രമിക്കുന്ന യു.എൻ നടപടികൾക്കുള്ള തിരിച്ചടിയാകാതെ നോക്കാൻ ഇന്ത്യക്ക് ബാധ്യതയുണ്ടെന്നും ഐക്യരാഷ്ട്രസഭയുടെ അഭയാർഥികാര്യ വിഭാഗം മേധാവി ഫിലിപ്പോ ഗ്രാൻഡി മുന്നറിയിപ്പ് നൽകി.

**ചന്ദ്രനിൽ ഇറങ്ങുന്നതിനു മുമ്പുള്ള നിർണ്ണായക ഘട്ടം പിന്നിട്ടു വിജയകരമായി**

**- സ്വന്തം ലേഖകൻ**

ബംഗളൂരു: ചന്ദ്രയാൻ 2 പേടകം ലാൻഡറും ഓർബിറ്റുമായി വേർപെട്ടു. ചന്ദ്രനിൽ ഇറങ്ങുന്നതിനു മുമ്പുള്ള നിർണ്ണായക ഘട്ടം വിജയകരമായി ചന്ദ്രയാൻ 2 പൂർത്തിയാക്കി.

ചന്ദ്രയാൻ 2 ഓർബിറ്ററും വിക്രം ലാൻഡറും ഇന്ന് രണ്ടായി വേർപ്പെടുത്തിക്കൊണ്ട് നിർണ്ണായകഘട്ടത്തെ അതിജീവിച്ചുവെന്ന് ഐ.എസ്.ആർ.ഒ അറിയിച്ചു.

ചന്ദ്രനിൽ നിന്ന് 119 കിലോമീറ്റർ അടുത്ത ദൂരവും 127 കിലോമീറ്റർ അകന്ന ദൂരവുമായിട്ടുള്ള ഭ്രമണ പഥത്തിലാണ് ഉപഗ്രഹം ഇപ്പോൾ.

വിക്രം ലാൻഡറിന്റെ ഭ്രമണപഥം സെപ്തംബർ മൂന്നിനും നാലിനുമായി രണ്ട് ഘട്ടങ്ങളിലായി താഴ്ത്തിയതിന് ശേഷം സെപ്റ്റംബർ ഏഴിന് പുലർച്ചെ 1.30നും 2.30നും ഇടയിലായിരിക്കും വിക്രം ലാൻഡർ ചന്ദ്രോപരിതലത്തിൽ ഇറങ്ങുക.

ദൗത്യം വിജയകരമായാൽ സോഫ്റ്റ് ലാൻഡിംഗ് വിജയകരമായി പൂർത്തിയാക്കുന്ന നാലാമത്തെ രാജ്യമാകും ഇന്ത്യ. വിക്രം ലാൻഡറിനൊപ്പം പ്രഗ്യാൻ എന്ന പര്യവേഷണ വാഹനവും ചന്ദ്രനിൽ തൊടും. ഉപഗ്രഹത്തിന്റെ പ്രവർത്തനം നിലവിൽ തൃപ്തികരമാണെന്ന് ഇസ്റോ അറിയിച്ചു.

**ആരിഫ് മുഹമ്മദ് ഖാൻ പുതിയ കേരളാ ഗവർണർ**

ന്യൂഡൽഹി: മുൻകേന്ദ്രമന്ത്രി ആരിഫ് മുഹമ്മദ് ഖാൻ പുതിയ കേരളാ ഗവർണർ. മുൻ ചീഫ് ജസ്റ്റിസ് പി സദാശിവം ഗവർണർ സ്ഥാനത്തെ കാലാവധി പൂർത്തിയാക്കുന്ന സാഹചര്യത്തിലാണ് രാഷ്ട്രപതിഭവൻ പുതിയ ഗവർണറെ നിയമിച്ചത്. കേരളത്തേക്കൂടാതെ അഞ്ച് സംസ്ഥാനങ്ങളിലെ ഗവർണർമാരെയും നിയമിച്ചിട്ടുണ്ട്.

ഉത്തർപ്രദേശിൽ ജനിച്ച ആരിഫ് മുഹമ്മദ് ഖാൻ അലിഗഢ് സർവകലാശാലയിലും ലഖ്നൗ സർവകലാശാലയിലുമായാണ് പഠനം പൂർത്തിയാക്കിയത്. മുൻ യുപി മുഖ്യമന്ത്രി ചരൺ സിംഗ് രൂപീകരിച്ച രാഷ്ട്രീയ പാർട്ടിയായ ഭാരതീയ ക്രാന്തി ദളിൽ നിന്നാണ് ആരിഫ് മുഹമ്മദ് ഖാൻ രാഷ്ട്രീയ പ്രവർത്തനം തുടങ്ങിയത്. 1977ൽ 26-ാം വയസ്സിൽ യുപി നിയമസഭയിലെത്തി. 1980ൽ കോൺഗ്രസിൽ ചേർന്നു. 1980ലും 84ലും കാൺപൂരിൽ നിന്നും ബറൈച്ചിൽ നിന്നും ലോക്സഭയിലെത്തി.

ഷാബാനു കേസിൽ കോൺഗ്രസ് മുസ്ലിം പുരോഹിതരുടെ സമ്മർദ്ദത്തിന് വഴങ്ങിയതിനെതിരായിരുന്ന ആരിഫ് മുഹമ്മദ് ഖാൻ രാജീവ് ഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസുമായി തെറ്റി. പാർട്ടി വിട്ടു. ജനതാദളിൽ ചേർന്ന അദ്ദേഹം 1989ൽ ദൾ സ്ഥാനാർത്ഥിയായി മത്സരിച്ച് ലോക്സഭയിലെത്തി. 89ൽ ജനതാദൾ സർക്കാർ അധികാരത്തിലെത്തിയപ്പോൾ കേന്ദ്രമന്ത്രിയായി.

1998ൽ ജനതാദളും വിട്ടു ബിഎസ്പിയിലെത്തി. ബറൈച്ചിൽ നിന്ന് മത്സരിച്ച് വീണ്ടും ലോക്സഭയിലെത്തി. 2004ൽ ബിഎസ്പി വിട്ട് ബിജെപിയിൽ ചേർന്നു. മത്സരിച്ചെങ്കിലും തോറ്റു. മോദി സർക്കാർ അധികാരത്തിൽ വന്ന ശേഷം ബിജെപി നേതൃത്വത്തോട് അനുകൂല നിലപാടാണ് സ്വീകരിച്ചിരുന്നത്.

**ഇന്റർനെറ്റിലല്ല, മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്നതിനാണ് കൂടുതൽ സമയം ചിലവഴിക്കേണ്ടതെന്ന് അമേരിക്കൻ വൈസ് പ്രസിഡന്റ് മൈക്ക് പെൻസ്**

വെർജീനിയാ: ഇന്റർനെറ്റിലല്ല, മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്നതിനാണ് കൂടുതൽ സമയം ചിലവഴിക്കേണ്ടതെന്ന് അമേരിക്കൻ വൈസ് പ്രസിഡന്റ് മൈക്ക് പെൻസ്.

അറ്റോർണി ഫോർ ക്രിസ്ത്യൻ ആന്റ് പ്രൊ.ലൈഫ് ഡിഫൻണ്ടിങ്ങ് ഫ്രീഡം അറ്റോർണിമാരെ അഭിസംബോധന ചെയ്തു നൽകിയ സന്ദേശത്തിലാണ് മൈക്ക് തന്റെ അഭിപ്രായം വ്യക്തമാക്കിയത്.

തിരക്കേറിയ രാഷ്ട്രീയ പ്രവർത്തനങ്ങൾക്കിടയിലും അങ്ങ് നടത്തുന്ന വിശ്വാസ പ്രഖ്യാപനങ്ങളെയും ക്രൈസ്തവ മൂല്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിനെ കുറിച്ചും ക്രൈസ്തവ പ്രവർത്തനങ്ങളേയും ദൃശ്യ അച്ചടി മാധ്യമങ്ങളും, പണ്ഡിറ്റുകളും, നിരന്തരമായി വിമർശിക്കുന്നതിനെ ശാന്തമായി എങ്ങനെയാണ് നേരിടുന്നതെന്നും, അതിനാവശ്യമായ ശക്തി എവിടെ നിന്നാണ് സംഭരിക്കുന്നതെന്നുമുള്ള എ.ഡി.എഫ്. പ്രസിഡന്റ് മൈക്കിൾ ഫാരിസിന്റെ ചോദ്യത്തിനുള്ള ഉത്തരമായിട്ടാണ് വൈസ് പ്രസിഡന്റ് ഇങ്ങനെയൊരു പ്രസ്താവന നടത്തിയത്.

ഒന്നാമതായി നാം ചെയേണ്ടത് പ്രാർത്ഥനക്ക് കൂടുതൽ സമയം കണ്ടെത്തുകയെന്നതാണ്

രണ്ടാമതായി നമ്മുടെ പ്രിയപ്പെട്ടവർക്കു വേണ്ടി മാത്രമല്ല, ശത്രുക്കൾക്ക് വേണ്ടിയും പ്രാർത്ഥിക്കുന്നതിനു നാം പ്രത്യേകം ശ്രദ്ധിക്കണം.

മൂന്നാമതായി ക്രൈസ്തവരെന്ന നിലയിൽ മറ്റുള്ളവരോടു ക്ഷമിക്കുന്നതിനു ഇതിലൊക്കെ ഉപരിയായി മറ്റുള്ളവരെ സ്നേഹിക്കുന്നതിനും കഴിയണം, ഇത്രയും കാര്യങ്ങൾ ജീവിതത്തിൽ പാലിക്കപ്പെട്ടാൽ പി

ന്നെ ആരൊക്കെ എന്തൊക്കെ പറഞ്ഞാലും നിരാശപ്പെടാതെ അതിനെ അതിജീവിക്കുന്നതിന് ആവശ്യമായ ശക്തി ലഭിക്കുമെന്നും പെൻസ് ഓർമ്മപ്പെടുത്തി.

വൈസ് പ്രസിഡന്റിന്റെ ഭാര്യ കേരെൻ പെൻസ് ക്രിസ്തീയ വിവാഹത്തിന്റെ പവിത്രതയെക്കുറിച്ചും മൂല്യങ്ങളെ സംബന്ധിച്ചും സ്ക്കൂളുകളിൽ ക്ലാസ്സെടുത്തതിനെതിരെ ശക്തമായ വിമർശനം ഉയർന്നിരുന്നു. അതിൽ തനിക്ക് നിരാശയില്ലെന്നും അതിലഭിമാനം കണ്ടെത്തുന്നുവെന്നും വൈസ് പ്രസിഡന്റ് പറഞ്ഞു.

**ക്ഷേത്ര ഭരണം വിശ്വാസികൾക്ക് കൈമാറാൻ നിയമനിർമ്മാണം വേണം: കെ എച്ച് എൻഎ**
**– ശ്രീകുമാർ പി**

ന്യൂജേഴ്സി: ക്ഷേത്ര ഭരണം വിശ്വാസികൾക്ക് കൈമാറുന്നതിന് നിയമനിർമ്മാണം നടത്തണമെന്ന് കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക ആവശ്യപ്പെട്ടു.

ക്ഷേത്ര ഭരണത്തിൽ സർക്കാരുകളുടെ കൈകടത്തൽ ഇല്ലാതാക്കണം. സന്യാസിമാരുടേയും തന്ത്രിമാരുടേയും പണ്ഡിതന്മാരുടേയും മത സംഘടനകളുടേയും പ്രതിനിധികൾ അടങ്ങുന്ന ബോഡിയാകണം ക്ഷേത്രം ഭരിക്കേണ്ടത്. ജനറൽ ബോഡി പാസാക്കിയ പ്രമേയത്തിൽ ആവശ്യപ്പെട്ടു. ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ച് തീർത്ഥാടകരുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ പിന്തുണ നൽകണമെന്നും പ്രമേയത്തിൽ ആവശ്യപ്പെട്ടു.

യോഗയും, ലളിതാസഹസ്രനാമവും, ഭജനയുമായിട്ടാണ് കെഎച്ച്എൻഎ കൺവൻഷന്റെ രണ്ടാം ദിവസത്തിന്റെ പുലരി തെളിഞ്ഞത്. കലാമണ്ഡലം ശിവദാസ്, പല്ലാവൂർ സഹോദരങ്ങൾ, മനോജ് കുളങ്ങാട്ട്, പല്ലശ്ശന ശ്രീജിത് മാരാർ, രെജിത് മാരാർ, രാജേഷ് നായർ സംഘത്തിന്റെ മേളത്തിനുശേഷം മത്സരവിഭാഗങ്ങളിൽ കലാപരിപാടികൾ ആരംഭിച്ചു.

സ്വാമി ചിദാനന്ദപുരി, സ്വാമി ശാന്താനന്ദ, സ്വാമി സിദ്ധാനന്ദ, ശ്രീശക്തി ശാന്താനന്ദ മഹർഷി, സ്വാമി മുക്താനന്ദ യതി, മുൻ ഗവർണർ കുമ്മനം രാജശേഖരൻ, കെ. പി. ശശികല, സുപ്രീം കോടതി അഡ്വക്കേറ്റ് സായ് ദീപക് എന്നിവർ മുഖ്യവേദിയിൽ നടന്ന ധർമ്മസംവാദത്തിൽ പങ്കെടുത്തു.

ഓണസദ്യക്ക് ശേഷം ജനറൽ ബോഡിയും, വിവിധ മേഖലകളുടെ കലാപരിപാടികളും അരങ്ങേറി. കലാനിലയം രഞ്ജിത്ത് അവതരിപ്പിച്ച ശീതങ്കൻ തുള്ളൽ, ജയന്തി കുമാർ അവതരിപ്പിച്ച തന്ത്ര ഫാഷൻ ഷോ, സ്മിത രാജനും, സംഘവുമവതരിപ്പിച്ച ശക്തി മോഹിനിയാട്ടം ഡാൻസ് ബാലെ, അനുപമ ദിനേഷ് കുമാർ, രഞ്ജിത് എന്നിവരും സംഘവും അവതരിപ്പിച്ച കഥകളി എന്നിവക്ക് ശേഷം രണ്ടാം ദിവസത്തിന് തിരശ്ശീല വീണു.

**കനേഡിയൻ ലയൺസിന്റെ കുട്ടനാടൻ ചുണ്ടൻ ആദ്യ വനിതാ മത്സരത്തിൽ വിജയിച്ചു**

ബ്രാംപ്ടൺ: കനേഡിയൻ ലയൺസിന്റെ കുട്ടനാടൻ ചുണ്ടൻ ആദ്യ വനിതാ മത്സരത്തിൽ വിജയിച്ചു.

ഈ വർഷം വനിതകളുടെ പ്രത്യേക മത്സരം നടന്നപ്പോൾ നിരവധി വനിതാ ടീമുകൾ പങ്കെടുക്കുകയുണ്ടായി.

ലോക പ്രവാസി സമൂഹത്തിന്റെ ആത്മാഭിമാനമായ കാനേഡിയൻ നെഹ്റുട്രോഫി വള്ളംകളി ഓഗസ്റ്റ് 24 നു കാനഡയിലെ മലയാളി തലസ്ഥാനമായ ബ്രാംപ്ടനിൽ നടന്നത്.

ആലപ്പുഴയുടെ ആവേശവും പായിപ്പാടിന്റെ മനോഹാരിതയും ആറന്മുളയുടെ പ്രൗഢിയും കോർത്തിണക്കിയ കനേഡിയൻ നെഹ്റുട്രോഫി വള്ളംകളി ബ്രാംപ്ടൻ ജലോൽത്സവം എന്നപേരിൽ പ്രവാസികളുടെ അത്മാഭിമാനമായി തല ഉയർത്തി നിൽക്കുന്നു.

കാനഡയിലെ മലയാളി തലസ്ഥാനമായ ബ്രാംപ്ടൻനിലെ പുന്നമടക്കായലായ പ്രഫസേഴ്സ് ലേക്കിൽ 4 ഹീറ്റ്സിലായി സ്ത്രീകൾ മാത്രം തുഴയുന്ന 8 ടീം മത്സരരംഗത്ത് ഉണ്ടായിരുന്നു. വള്ളപ്പാട്ടുകൾ ഉൾപ്പെടെയുള്ള വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ചു കാണികൾക്ക് ആവേശവും ആനന്ദവും പകരുന്ന പ്രവസി ലോകത്തെ ഈ മഹാവിസ്മയം സംഘാടകർ ഒരുക്കിയിരുന്നത്.

ബ്രാംപ്ടൻ മേയർ പാട്രിക്ക് ബ്രൗൺ ഉദ്ഘാടനം ചെയ്തു. എം.പിമാരായ റൂബി സഹോത്ത, രമേശ് സങ്ക, സോണിയ സിദ്ദു, ജോൺ ബ്രസാർസ്, എം.പി.പി മാരായ അമർ ജ്യോതി സിന്ദു, സാറാ സിങ്ങ് ഡപ്യൂട്ടി പോലീസ് ചീഫ് മാർക്ക് ആൻഡ്രൂസ്, ഫയർ ചീഫ് എബിൽ ബോയിസ് എന്നിവർ മുഖ്യാതിഥികളായി പങ്കെടുത്തു. ഒന്റാറിയോ സ്റ്റേറ്റ് മന്ത്രി പ്രമീദ് സിംഗ് സർക്കാരിയ സമ്മാനദാനം നിർവഹിച്ചു. മനോജ് കർത്തയായിരുന്നു മുഖ്യ സ്പോൺസർ.

**കലയുടെ ഓണാഘോഷം 7ന്**
**– ജോയിച്ചൻ പുതുക്കുളം**

ലോസ് ആഞ്ചലസ്: കേരള അസോസിയേഷൻ ഓഫ് ലോസ് ആഞ്ചലസിന്റെ (കല) 42–ാമത് ഓണാഘോഷം സെപ്റ്റംബർ 7 ശനിയാഴ്ച.

നോർവാക്കിലുള്ള പയനിയർ ബുളവാഡിലെ സനാദൻ ധർമ്മ ഓഡിറ്റോറിയത്തിൽ 12ന് ഓണസദ്യയോടെ ആഘോഷങ്ങൾക്ക് തുടക്കം കുറിക്കും.

മിസോറാം മുൻ ഗവർണർ കുമ്മനം രാജശേഖരൻ ഓണസന്ദേശം നൽകും. കാലിഫോർണിയയിലെ വിവിധ സംഘടനാ പ്രതിനിധികളും സാംസ്കാരിക നേതാക്കളും പങ്കെടുക്കും.

2.30ന് ചെണ്ടമേളവും താലപ്പൊലിയുമായി വിശിഷ്ടാതിഥികളേയും മാവേലി തമ്പുരാനേയും വരവേൽക്കും.

മെഗാ തിരുവാതിര, നൃത്തവിസ്മയം എന്നിവക്കു ശേഷം വനിതകളുടെശിങ്കാരിമേളം ഓണാഘോഷത്തിനു മാറ്റുകൂട്ടും. തിരുവാതിരകളി, ഗാനമേള, ഓണപ്പാട്ടുകൾ, നൃത്തനൃത്യങ്ങൾ എന്നിവയും വൈവിധ്യമാർന്ന കലാപരിപാടികളും അരങ്ങേറും.

കലയുടെ ഓണാഘോഷത്തിൽ പങ്കുചേരുന്ന എല്ലാ കലാകാരന്മാരേയും, സ്പോൺസർമാരേയും പ്രത്യേക സമ്മാനം നൽകി ആദരിക്കും. ജോൺസൺ ചീക്കൻപാറയും, ആനന്ദ് കുഴിമറ്റവുമാണ് കൺവീനർമാർ. ജോൺ മുട്ടം, ജൂപ്പി ജോർജ്, ജോർജുകുട്ടി പുല്ലാപ്പള്ളി എന്നിവർ ഓണസദ്യയ്ക്ക് നേതൃത്വം നൽകും.

സതേൺ കാലിഫോർണിയയിലെ എല്ലാ മലയാളികളേയും ഓണാഘോഷത്തിൽ പങ്കുചേരുന്നതിനായി കലയുടെ പ്രസിഡന്റ് സോദരൻ വർഗീസ്, സെക്രട്ടറി

പി.ജെ. ജോസഫ്, ട്രഷറർ സണ്ണി നടുവിലേക്കുറ്റ് എന്നിവരും കമ്മിറ്റി അംഗങ്ങളും സ്നേഹാദരവുകളോടെ ക്ഷണിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: സോദരൻ വർഗീസ് (310 895 6186), പി.ജെ. ജോസഫ് (951 323 5092), സണ്ണി നടുവിലേക്കുറ്റ് (818 522 3968).

ജോർജുകുട്ടി പുല്ലാപ്പള്ളിൽ (ലോസ്ആഞ്ചലസ്) അറിയിച്ചതാണിത്.

**ഭാര്യയെയും മകളെയും ഭാര്യാമാതാവിനെയും വെടിവച്ചു കൊലപ്പെടുത്തിയ കേസിൽ ഭാര്യ സഹോദരൻ അറസ്റ്റിൽ**

**- പി പി ചെറിയാൻ**

പിറ്റ്സിൽവേനിയ: ടാംപ ബെ റെയ്സ് ഓർഗനൈസേഷൻ പിച്ചർ ബ്ലേക്ക് ബിവെൻസിന്റെ ഭാര്യയെയും മകളെയും ഭാര്യാമാതാവിനെയും വെടിവച്ചു കൊലപ്പെടുത്തിയ കേസിൽ ഭാര്യാ സഹോദരൻ (18) മാത്യു തോമസ് ബെർണാർഡിനെ പൊലീസ് അറസ്റ്റ് ചെയ്തു.

ആഗസ്റ്റ് 28 ചൊവ്വാഴ്ച രാവിലെയായിരുന്നു സംഭവം. പിറ്റ്സിൽവേനിയ കൗണ്ടിയിൽ ഇവർ താമസിക്കുന്ന വീട്ടിൽ നിന്നും വെടി ശബ്ദം കേട്ടതായി ആരോ പൊലീസിൽ അറിയിച്ചതിനെ തുടർന്നാണ് പോലീസ് എത്തിച്ചേർന്നത്.

വീടിന്റെ ഡ്രൈവ് വേയിൽ മാതാവിനേയും വീടിനകത്ത് ഭാര്യയേയും, കുഞ്ഞിനേയും വെടിയേറ്റു മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു.

നഗ്നനായി സംഭവസ്ഥലത്തു നിന്നും ഓടിപ്പോയി വൃക്ഷനിബിഡമായ സ്ഥലത്തു ഒളിച്ചിരുന്ന ഇയാളെ പൊലീസ് പിടികൂടിയതായി കൗണ്ടി വക്താവ് അറിയിച്ചു.

ടാംബ ബെ റെയ്സ് ഓർഗനൈസേഷൻ പുറത്തിറക്കിയ പ്രസ്താവനയിൽ പിച്ചർ (ബേസ്ബോൾ) ബ്ലെയ്ക് ബിവൻസിന്റെ കുടുംബാംഗങ്ങൾ കൊല്ലപ്പെട്ടതിൽ അനുശോചനം അറിയിക്കുകയും, കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഇയാളെ കൂട്ടക്കൊലയ്ക്കു പ്രേരിപ്പിച്ചതെന്താണെന്ന് പോലീസ് അന്വേഷിക്കുന്നുണ്ട്.

**സിക്ക് വംശജൻ കുത്തേറ്റു മരിച്ചു**

**- പി പി ചെറിയാൻ**

കാലിഫോർണിയ: ഞായറാഴ്ച വൈകിട്ട് ഗ്രെച്ചൻ ടോളി പാർക്കിനു സമീപം നടക്കാനിറങ്ങിയ സിക്ക് വംശജൻ പരംജിത്ത് സിങ് (64) കുത്തേറ്റു മരിച്ചു. 2016ൽ അമേരിക്കയിലെത്തിയ സിങ് മകളുടെ കുടുംബത്തോടൊപ്പം താമസിക്കുകയായിരുന്നു.

വംശീയ വിദ്വേഷമാണ് കൊലപാതകത്തിന് കാരണമെന്നാണ് സൂചന. തെളിവുകൾ ഒന്നും ലഭിച്ചിട്ടില്ലെങ്കിലും അന്വേഷണത്തിൽ ഈ വിഷയം കൂടി ഉൾപ്പെടുത്തുമെന്ന് ട്രേയ്സി പൊലീസ് ചീഫ് പറഞ്ഞു.

പരംജിത്ത് സിങ്ങിന്റെ കൊലപാതകം സിക്ക് സമൂഹത്തെ ഞെട്ടിച്ചതായി സിക്ക് ഗുരുദ്വാര സെക്രട്ടറി ദീപ് സിംഗ് പറഞ്ഞു. എല്ലാ സമുദായാംഗങ്ങളും സഹവർത്തിത്വത്തോടെ പ്രവർത്തിക്കുന്ന സ്ഥലമാണിതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

സംഭവത്തിനുശേഷം പാർക്കിൽ നിന്നും ഓടിരക്ഷപ്പെടുന്ന പ്രതിയെന്ന് സംശയിക്കുന്ന ഒരാളുടെ ദൃശ്യം പൊലീസ് പുറത്തുവിട്ടിട്ടുണ്ട്.

**കെ സി വൈ എൽ സംഗമത്തിന്റെ ഒരുക്കങ്ങൾക്ക് ചിക്കാഗോയിൽ ഉജ്വല തുടക്കം**

**- ജോയിച്ചൻ പുതുക്കുളം**

ചിക്കാഗോ : കെ സി വൈ എൽ യുവജന സംഘടനയുടെ 50 -ാം വാർഷികം സംഗമം ചിക്കാഗോയിൽ നവംബർ ഒന്നു മുതൽ.

സമ്മേളനത്തിന്റെ സ്വാഗതസംഘം ഉദ്ഘാടനവും അതിരൂപതാ ദിനവും ഓഗസ്റ്റ് 29 വ്യാഴാഴ്ച വൈകിട്ട് ക്നാനായ റീജിയൺ ഡയറക്ടർ ഫാ. തോമസ് മുളവനാൽ നിർവഹിച്ചു.

ടോണി പുല്ലാപ്പള്ളി ക്ലാസ്സ് നയിച്ചു. സാജു കണ്ണമ്പള്ളി, ഫാ.ബിൻസ് ചേത്തലിൽ, ജോർജ് തൊട്ടപ്പുറം, ലിൻസൺ കൈതമല, കെ സി എസ് സെക്രട്ടറി റോയി ചേലമല എന്നിവർ പ്രസംഗിച്ചു.

കെ സി എസ് പ്രസിഡണ്ട് ഷിജു ചെറിയത്തിൽ, കമ്മറ്റി അംഗങ്ങളായ ബിജു കെ ലൂക്കോസ്, ലിൻസ് താന്നിച്ചുവട്ടിൽ, ദീപ മടയനകാവിൽ, ഷിബു മുളയാനിക്കുന്നേൽ, സാബു നടുവീട്ടിൽ, ആൽവിൻ പിണർകയിൽ, ഫാ ബിബി തറയിൽ, മാത്യു തട്ടാമറ്റം, ഷിനു ഇല്ലിക്കൽ, റ്റിനു പറഞ്ഞാടാൻ, റൊണാൾഡ് പൂക്കുമ്പേൽ, ഡോ ജിനോയ് മാത്യു , അഗസ്റ്റിൻ ആലപ്പാട്ട് സിബി കൈതക്കത്തോട്ടിയിൽ എന്നിവർ പങ്കെടുത്തു.

സ്റ്റീഫൻ ചെള്ളംബേൽ (പി.ആർ.ഒ) അറിയിച്ചതാണിത്.

**കാൽഗറി സെന്റ് മദർ തെരേസാ സീറോ മലബാർ കാത്തലിക് ചർച്ചിൽ പെരുന്നാളും ആദ്യകുർബാന സ്വീകരണവും**

**- ജോയിച്ചൻ പുതുക്കുളം**

കാൽഗറി: നോർത്ത് അമേരിക്കയിലെ സെന്റ് മദർ തെരേസായുടെ നാമത്തിലുള്ള ആദ്യ ഇടവകയായ കാൽഗറി സെന്റ് മദർ തെരേസാ സീറോ മലബാർ കാത്തലിക് ചർച്ച് പെരുന്നാൾ സെപ്റ്റംബർ 6,7,8 തീയതികളിൽ കാൽഗറി കനേഡിയൻ മാർട്ടയേഴ്സ് ചർച്ചിൽ വച്ചു നടത്തുന്നതാണ്.

ആറാംതീയതി വെള്ളിയാഴ്ച വൈകുന്നേരം 7.30നു റവ.ഫാ. അഗസ്റ്റിൻ കല്ലുങ്കത്തറയിലിന്റെ (ഡയറക്ടർ വെസ്റ്റേൺ റീജിണൽ പാസ്റ്ററൽ സെന്റർ) മുഖ്യ കാർമികത്വത്തിൽ വിശുദ്ധ ബലിയും തുടർന്നു ആരാധനയും ഉണ്ടായിരിക്കും.

ഏഴാം തീയതി ശനിയാഴ്ച ഇടവക വികാരി റവ.ഫാ. സജോ ജേക്കബ് പുതുശേരിയുടെ മുഖ്യ കാർമികത്വത്തിൽ വിശുദ്ധബലിയും ഇടവകയിലെ കുഞ്ഞുങ്ങളെ ആദ്യകുർബാന സ്വീകരണവും ഉണ്ടായിരിക്കും.

8 ഞായറാഴ്ച റവ.ഫാ. തോമസ് തൈച്ചിറയിലിന്റെ (വികാരി സെന്റ് അൽഫോൻസാ സീറോ മലബാർ കാത്തലിക് ചർച്ച്, എൻമന്റൺ) മുഖ്യകാർമികത്വത്തിൽ ആഘോഷമായ വിശുദ്ധ കുർബാനയും തുടർന്നു കനേഡിയൻ മാർട്ടയേഴ്സ് ചർച്ചിൽ നിന്നും സെന്റ് ഫ്രാൻസീസ് സ്കൂൾ വരെ താളമേളങ്ങളോടും, വർണ്ണക്കുടകളോടും കൂടിയ വർണ്ണശബളമായ

പ്രദക്ഷിണവും ഉണ്ടായിരിക്കും.

**ഓർമ്മ ഓണാഘോഷം സെപ്റ്റംബർ 2ന്**
**- ജോയിച്ചൻ പുതുക്കുളം**

ഒർലാന്റോ: ഒർലാന്റോ റീജനൽ മലയാളി അസോസിയേഷൻ (ഓർമ്മ) ഓണാഘോഷ പരിപാടികൾ സെപ്റ്റംബർ 2ന് ലേബർഡേയിൽ തിങ്കളാഴ്ച രാവിലെ 9 മുതൽ വൈകുന്നേരം 4 വരെ ലോങ്ങ് വുഡ് എപ്പിസ്കോപ്പൽ ചർച്ച് ഓഡിറ്റോറിയത്തിൽ (251 ഈസ്റ്റ് ലേക്ക് ബ്രാന്റലി ഡ്രൈവ്) നടക്കും.

വിഭവസമൃദ്ധമായ സദ്യയും കായിക വിനോദങ്ങളും മറ്റ് മത്സരങ്ങളും ദിവസം മുഴുവൻ നീണ്ടുനിൽക്കുന്ന പരിപാടികളാണ് സംഘടിപ്പിച്ചിരിക്കുന്നത്.

ജിജോ ചിറയിൽ (പ്രസിഡന്റ്), തോമസ് കുര്യാക്കോസ് (വൈസ് പ്രസിഡന്റ്), കൃഷ്ണ ശ്രീകാന്ത് (സെക്രട്ടറി), മാത്യു സൈമൺ (ജോ. സെക്രട്ടറി), നെബു സ്റ്റീഫൻ (ട്രഷറർ) എന്നിവരാണ് പരിപാടികൾക്ക് നേതൃത്വം വഹിക്കുന്നത്.

ഹൂസ്റ്റൻ റാന്നി അസ്സോസിയേഷൻ ഓണാഘോഷവും കുടുംബസംഗമവും 14ന്

**- പി.പി ചെറിയാൻ**

ഹൂസ്റ്റൻ: ഹൂസ്റ്റണിലെ പ്രമുഖ പ്രവാസി സംഘടനകളി ലൊന്നായ ഹൂസ്റ്റൻ റാന്നി അസ്സോസിയേഷന്റെ ആഭിമുഖ്യ ത്തിൽ ഓണാഘോഷവും കുടുംബസംഗമവും വിപുലമായ പരിപാടികളോടെ നടക്കും.

സെപ്റ്റംബർ 14 ശനിയാഴ്ച സ്റ്റാഫോർഡിലുള്ള സെന്റ് ജോസഫ് ചർച്ച് മിനി ഹാളിലാണ് പരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നത്. ഫോർട്ബെൻഡ് കൗണ്ടി ജഡ്ജ് കെ.പി. ജോർജ്, സ്റ്റാഫ്ഫോർഡ് സിറ്റി കൗൺസിൽമാൻ കെൻ മാത്യു എന്നിവർ മുഖ്യാതിഥികളായിരിക്കും.

രാവിലെ 11:00 മുതൽ ആരംഭിക്കുന്ന ഓണാഘോഷ പരിപാടി കളിൽ ചെണ്ടമേളം, അടിപൊളി പാട്ടുകൾ, നൃത്തങ്ങൾ തുടങ്ങി വൈവിധ്യമാർന്ന കലാവിനോദ പരിപാടികളാണ് ഒരുക്കിയിരിക്കുന്നതെന്ന് സംഘാടകൾ അറിയിച്ചു. റാന്നി മന്നനെയും റാന്നി മങ്കയെയും ആഘോഷത്തിൽ വച്ച് തിരഞ്ഞെടുക്കുന്നതാണ്. വിഭവസമൃദ്ധമായ ഓണസദ്യയോട് കൂടി ആഘോഷങ്ങൾ സമാപിക്കും.

2009ൽ രൂപം കൊണ്ട ഹൂസ്റ്റൻ റാന്നി അസ്സോസിയേഷൻ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് നാളിതു വരെ നടത്തി ക്കൊണ്ടിരിക്കുന്നത്. 2018ൽ ജലപ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 7 ലക്ഷം രൂപ സമാഹരിച്ചു റാന്നിയിലെ വിവിധ പദ്ധതികൾക്ക് അസോസിയേഷൻ നേതൃത്വം നൽകി.

റാന്നിയിലും പരിസരപ്രദേശങ്ങളിൽ നിന്നുമുള്ള എല്ലാ ഹൂസ്റ്റൻ നിവാസികളെയും ഈ ഓണാഘോഷത്തിലേക്കു സഹർഷം സ്വാഗതം ചെയ്യുന്നുവെന്ന് സംഘാടകർ അറിയിച്ചു. ആഘോഷങ്ങളിൽ പങ്കെടുക്കുവാൻ താല്പര്യമു ള്ളവർ ബന്ധപ്പെടുക; ജീമോൻ റാന്നി (പ്രസിഡന്റ്) 407 718 4805 ജിൻസ് മാത്യു കിഴ ക്കേതിൽ (സെക്രട്ടറി) 832 278 9858 റോയ് തീയാടി ക്കൽ (ട്രഷറർ) 832 768 2860

ബിനു സഖറിയ (ഓണം കൺവീനർ) 865 951 9481